**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**
ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം -33
ഫോൺ -0471-2307263,
e-mail: hrckeralatvm@gmail.com

നമ്പർഃ 587/എ2/2025/എച്ച്.ആർ.സി                                                                 തീയതി 18/10/2025

# വാഹന ലേലം / ദർഘാസ് പരസ്യം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ വാഹനങ്ങളായ **KL-01-AZ 8843, KL-01-AZ 8877** നമ്പർ വാഹനങ്ങളുടെ കാലാവധി 14 വർഷവും 10 മാസവും തികഞ്ഞ സാഹചര്യത്തിൽ 18.03.2025-ലെ GO(P) 27/2025/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം **2025 ഒക്ടോബർ മാസം 28-ാംതീയതി ഉച്ചയ്ക്ക് 3.00മണിക്ക്** കമ്മീഷൻ ഓഫീസിൽവച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **അന്നേദിവസം ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പായി ടി ലേലത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ പേർക്ക് കമ്മീഷന്റെ **STSB Account** നമ്പർ **701011400000305**-ൽ അടച്ച ചെലാനോ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റോ ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം ലഭ്യമാക്കുന്ന സമയത്ത് തിരിച്ചറിയൽരേഖയും പകർപ്പും (ആധാർ/വോട്ടേഴ്സ് ഐഡന്റിറ്റികാർഡ് / ഡ്രൈവിംഗ് ലൈസൻസ് മുതലായവ ) കർശനമായും ഹാജരാക്കേണ്ടതാണ്. ടെൻഡർ വഴി വാങ്ങുവാൻ ആഗ്രഹിക്കുന്നവർ വാഹനത്തിനുള്ള വില പ്രത്യേകം രേഖപ്പെടുത്തി നിരതദ്രവ്യം കമ്മീഷന്റെ **STSB Account** നമ്പർ **701011400000305-ൽ** അടച്ച ചെലാൻ ഉൾപ്പെടെ മുൻകൂട്ടി സീൽ ചെയ്ത ടെൻഡർ **''വാഹനലേലത്തിനുള്ള ടെൻഡർ''** എന്ന മേലെഴുത്തോടുകൂടിയ ഒട്ടിച്ച കവറിൽ സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, പി.എം.ജി., തിരുവനന്തപുരം എന്ന വിലാസത്തിൽ **2025 ഒക്ടോബർ മാസം 28-ാം തീയതി ഉച്ചയ്ക്ക്** 2.00 മണിക്കകം ലഭ്യമാക്കേണ്ടതാണ്. രണ്ടുവാഹനവും ടെൻഡർ വഴി വാങ്ങുവാൻ ഉദ്ദേശിക്കുന്നവർ രണ്ടു കവറുകളിലായി ഓരോ വാഹനത്തിനും പ്രത്യേകം സീൽ ചെയ്ത ടെൻഡറുകൾ

സമർപ്പിക്കേണ്ടതാണ്. അന്നേദിവസം ഉച്ചയ്ക്ക് 2.00 മണിക്കുശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല. തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്. ടെൻഡറുകൾ സമർപ്പിച്ചിട്ടുള്ളവർക്കും നേരിട്ടുള്ള ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ ആയതിലേയ്ക്കായി ടെൻഡറിൽ ഉൾപ്പെടുത്തിയ EMD കൂടാതെ, ലേലത്തിൽ പങ്കുകൊള്ളാൻ പ്രത്യേകം EMD ചെലാൻ ആയോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഹാജരാക്കേണ്ടതാണ്.

**2025 ഒക്ടോബർ മാസം 28-ാം തീയതി ഉച്ചയ്ക്ക് ശേഷം കൃത്യം 3.00 മണിക്ക്** തന്നെ ലേലനടപടികൾ ആരംഭിക്കുന്നതാണ്. പരസ്യലേല നടപടികൾ പൂർത്തിയായ ശേഷം, അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷനറുകൾ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതലപ്പെടുത്തിയ പ്രതിനിധികൾ, ലേലക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതും, ലേലത്തിലോ ടെൻഡറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആയത് ഉറപ്പിക്കുന്നതുമാണ്. ലേലംകൊണ്ട വ്യക്തി **വാഹനത്തിന്റെ മുഴുവൻ തുകയും 18% GST യും** ഉടൻ അടക്കേണ്ടതാണ്. മുഴുവൻ തുകയും രണ്ട് ദിവസത്തിനുള്ളിൽ അടയ്ക്കാത്തപക്ഷം നിരത ദ്രവ്യം കമ്മീഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും തൊട്ടടുത്ത ഏറ്റവും കൂടുതൽ തുകവിളിച്ച ആളിന്റെ പേർക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം ആരുടെ പേർക്ക് സ്ഥിരപ്പെടുത്തുന്നുവോ ടിയാൻ സ്വന്തം ചെലവിൽ സ്വന്തം പേരിലേയ്ക്ക് വാഹനം പേര് മാറ്റി എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വാഹനം കൈവശം ഏറ്റ് എടുക്കേണ്ട തുമാണ്.

**വാഹനങ്ങളുടെ വിശദാംശങ്ങൾ**

**പട്ടിക**

| Sl. No | | (1) | (2) |
|---|---|---|---|
| 1 | Registration No. | KL 01 AZ 8843 | KL 01 AZ 8877 |
| 2 | Make and Model | Toyota Innova 2010 | Toyota Innova 2010 |
| 3 | Fuel | Diesel | Diesel |
| 4 | Registration Validity upto | 23.11.2025 | 23.11.2025 |
| 5 | Insurance paid upto | 19.12.2025 | 19.12.2025 |
| 6 | Total Km covered as on 23.07.2025 | 238896 | 293068 |
| 7 | EMD | Rs.6250/- | Rs. 6000/- |

ടി വാഹനങ്ങൾ പരിശോധിക്കുവാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ കമ്മീഷൻ കാര്യാലയത്തിൽ **വൈകുന്നേരം 3.00 മണിമുതൽ 5.00 മണിവരെ** അതിന് അവസരമുണ്ടായിരിക്കുന്നതാണ്.ലേലദിവസം പൊതുഅവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം **ഉച്ചയ്ക്ക്ശേഷം 3.00 മണിക്ക്** തന്നെ ലേല നടപടികൾ കൈക്കാള്ളുന്നതായിരിക്കും.

ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ സർക്കാരിന്റെ നിലവിലെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി സമയങ്ങളിൽ **0471-2307263, 2307143** എന്നിവയിൽ ഏതെങ്കിലും ഒരു ടെലിഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

Sruhithra

**സെക്രട്ടറി**
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**പി.എം.ജി, തിരുവനന്തപുരം -33**

## വാഹനം ലേലം കൊള്ളുന്നതിനുള്ള ഫോറം

| ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ പേരും അഡ്രസ്സും | തിരിച്ചറിയൽ കാർഡ് (ആധാർ നമ്പർ, പാൻ നമ്പർ) | വാഹന രജിസ്ട്രേഷൻ നമ്പർ | വാഹനം ലേലം കൊള്ളുന്നതിനുള്ള തുക |
|---|---|---|---|
| | | | |
| | | | |

പകർപ്പ് : -

1. പി.ആർ.ഒ (പത്ര പ്രസിദ്ധീകരണം & വെബ്സൈറ്റ്)
2. നോട്ടീസ്ബോർഡ്